"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- ദേശാഭിമാനി വികസന സപ്ലിമെന്റ്-പരസ്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.185/2026/TSM തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:- ദേശാഭിമാനി ജനറൽ മാനേജർ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

കേരളത്തിലെ ഓരോ നിയമസഭാമണ്ഡലത്തിലെയും വികസന നേട്ടങ്ങൾ പ്രതിപാദിച്ചുകൊണ്ട് ദേശാഭിമാനി സപ്ലിമെന്റുകൾ തയ്യാറാക്കുന്നുണ്ടെന്നും ധർമ്മടം നിയമസഭാമണ്ഡലത്തിന്റെ വികസന നേട്ടങ്ങൾ പ്രതിപാദിച്ചുകൊണ്ട് പുറത്തിറക്കുന്ന വികസന സപ്ലിമെന്റിലേക്ക് വിനോദസഞ്ചാര വകുപ്പിന്റെ പരസ്യം അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് ദേശാഭിമാനി ജനറൽ മാനേജർ പരാമർശം പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ടൂറിസം മേഖലയിലെ വികസന നേട്ടങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള അവസരം കണക്കിലെടുത്ത്, ധർമ്മടം നിയോജക മണ്ഡലത്തിലെ വികസന നേട്ടങ്ങൾ ഉൾപ്പെടുത്തി ദേശാഭിമാനി പുറത്തിറക്കുന്ന പ്രത്യേക സപ്ലിമെന്റിലേക്ക് പരസ്യം അനുവദിക്കുന്നതിനായി, ***3452-80-104-98-00-34-03 പി.വി മാർക്കറ്റിംഗ് പ്ലാൻ*** എന്ന ശീർഷകത്തിൽ ധന പുനർ വിനിയോഗം വഴിയോ അധിക ധനാഭ്യർത്ഥന വഴിയോ പര്യാപ്തമായ ധനലഭ്യത ഉറപ്പാക്കിക്കൊണ്ട്, **₹6,49,687/-** (ആറ് ലക്ഷത്തി നാൽപ്പത്തൊൻപതിനായിരത്തി അറുന്നൂറ്റി എൺപത്തേഴ് രുപ മാത്രം) അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ

സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മുന്നു മാസത്തിനകം ദേശാഭിമാനി ജനറൽ മാനേജർ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ജനറൽ മാനേജർ,ദേശാഭിമാനി( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് ll ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 12-03-2026 14:20:00

സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്